രുന്ന വിലയെ അളവായി എടുത്ത് കണക്ക് കൂട്ടിയതിനാൽ പിശക് വരുകയാണുണ്ടായത്.

(സി)(ഡി)&(ഇ) വൈദ്യുതി ബോർഡ് ചെയർമാന്റെ നിർദ്ദേശ പ്രകാരം സമഗ്രമായ അന്വേഷണത്തിനുവേണ്ടി ഒരു ഓഡിറ്റ് ടീമിനെ നിയോഗിച്ചു.

(എഫ്)മുൻ ഓഡിറ്റുദ്യോഗസ്ഥൻ ഡീസൽ അക്കൗണ്ടിലെ വിലയെ അളവായി കണക്കുകൂടിയതുമൂലമാണ് തെറ്റായ ഒരു ഓഡിറ്റ് റിപ്പോർട്ട് നൽകുവാൻ ഇടയായത് എന്ന് കണ്ടെത്തി.

(ജി) അളവിൽ വ്യത്യാസമില്ല.

(എച്ച്) ഇല്ല.

(ഐ) പ്രസക്തമല്ല.

(ജെ)&(കെ) പ്രസക്തമല്ല.

121 (265) ലോവർ പെരിയാർ കേസ്

ശ്രീ. പാലോട് രവി :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. അടൂർ പ്രകാശ് : താഴെ കക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോവർ പെരിയാർ പദ്ധതിയുമായി ബന്ധപ്പെട്ട് സ്റ്റേറ്റ് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ചാർജ്ജ് ചെയ്ത കോടതിയ്ക്ക് എഫ്.ഐ.ആർ. നൽകിയ കേസിലെ ആരോപണങ്ങൾ എന്തെല്ലാമാണ്;

(ബി) ഈ കേസിലെ പ്രതിയായിട്ടുള്ളത് ഏത് കമ്പനിയാണ്;

(സി) ഈ കേസ് കോടതിയിൽ ഫയൽ ചെയ്തശേഷം ഈ കമ്പനിയ്ക്കു ഏതെല്ലാം കരാറുകൾ നൽകിയിട്ടുണ്ട്;

(ഡി) ഈ കരാറുകൾ എത്രകോടി രൂപയുടേതാണെന്ന് ഇനംതിരിച്ച് വ്യക്തമാക്കുമോ;

(ഇ) വിജിലൻസ് കേസിൽ പ്രതിയായ കമ്പനിയ്ക്കു ഇപ്രകാരം പിന്നെയും കരാറുകൾ നൽകുന്നത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ;

(എഫ്) ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രസ്തുത കേസിലെ ഒന്നും രണ്ടും പ്രതികളായ ശ്രീ. മാത്യു റോയി, മുൻ മെമ്പർ, കെ.എസ്.ഇ.ബി., ശ്രീ. കെ.ജി. രാജശേഖരൻ നായർ മുൻ അക്കൗണ്ട്സ് മെമ്പർ, കെ.എസ്.ഇ.ബി. എന്നിവർ മൂന്നാം പ്രതിയായ കനേഡിയൻ കമ്പനിയുമായി ചേർന്ന് കുറ്റകരമായ ഗൂഢാലോചന നടത്തുകയും ഔദ്യോഗിക പദവി ദുരുപയോഗപ്പെടുത്തുകയും പ്രസ്തുത കമ്പനിയ്ക്ക് 13,13,456 അമേരിക്കൻ ഡോളർ അനധികൃതലാഭം ഉണ്ടാക്കുകയും അതിൻപ്രകാരം അത്രയും തുകയുടെ നഷ്ടം സംസ്ഥാന വൈദ്യുതി

LIBRARY ARCHIVES Kerala Legislative Assembly

ബോർഡിന് വരുത്തുകയും ചെയ്തു എന്നുള്ളതാണ് കേസിനാസ്പദമായ ആരോപണങ്ങൾ.

(ബി) ഈ കേസിൽ പ്രതിയായിട്ടുള്ളത് എസ്.എൻ.സി. ഷാവിനിഗിൻ (M/s. SNC. SHAWINIGIN INC) എന്ന കനേഡിയൻ കമ്പനിയാണ്.

(സി) 12/97-നുശേഷം പ്രസ്തുത കമ്പനിക്ക് കരാറുകൾ ഒന്നും നൽകിയിട്ടില്ല.

(ഡി)(ഇ)&(എഫ്) ചോദ്യം ഉദിക്കുന്നില്ല.

122 (266) സബ് സ്റ്റേഷനുകളുടെ നിർമ്മാണം

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ ചെറുവത്തൂർ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലം അക്വയർ ചെയ്യാനുള്ള നടപടി ക്രമങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ; സബ്സ്റ്റേഷന്റെ നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ;

(ബി) കാസർഗോഡ് ജില്ലയിൽ പുതിയ 33 കെ.വി. സബ്സ്റ്റേഷനുകൾ ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ വിശദവിവരം അറിയിക്കുമോ?

ഉത്തരം

(എ) സ്ഥലം അക്വയർ ചെയ്യുന്നതിന് ബോർഡിൽ നിന്നും, സർക്കാരിൽനിന്നും ഉത്തരവുകൾ നൽകികഴിഞ്ഞു. സ്ഥലമെടുപ്പു നടപടികൾ പുരോഗമിക്കുന്നു. സ്ഥലമെടുപ്പ് പൂർത്തിയായിക്കഴിഞ്ഞാൽ നിർമ്മാണം ആരംഭിക്കുന്നതാണ്.

(ബി)&(സി) ഉണ്ട്. കാസർകോട് ജില്ലയിൽ, അനന്തപുരം, കാസർകോട്, ബദിയടുക്ക, പെർള, ബേലൂർ, നീലേശ്വരം, വെസ്റ്റ് എളേരി, തൃക്കരിപ്പൂർ എന്നീ സ്ഥലങ്ങളിൽ എസ് 33 കെ.വി. സബ്സ്റ്റേഷനുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നു. ഇവ നിർമ്മിക്കുന്നതിനുള്ള സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു.

123 (267) കക്കാട് ജലവൈദ്യുത പദ്ധതി

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കക്കാട് ജലവൈദ്യുത പദ്ധതി വൈദ്യുതി ഉൽപ്പാദനത്തിന് ക്രമീകരണമായോ എന്ന് വിശദമാക്കുമോ;

(ബി) എങ്കിൽ എത്ര ജനറേറ്ററുകൾ പ്രവർത്തനക്ഷമമായിട്ടുണ്ട്;

(സി) ഈ പദ്ധതി സമയബന്ധിതമായി തീർക്കുന്നതിന് ഈ സർക്കാർ എടുത്ത നടപടികൾ എന്തെല്ലാമായിരുന്നു എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly